DESPATCHED
11/1/22

22/12/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.257(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.6152/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ശിവശങ്കരൻ അജിത്,<br>ലക്ഷ്മികൃപ, വട്ടപ്പാറ,<br>നറുകര പി.ഒ., മഞ്ചേരി,<br>മലപ്പുറം-676122 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഹെൽത്ത് വിഭാഗം,<br>പൊന്നാനി നഗരസഭ,<br>മലപ്പുറം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.04.2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 03.05.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 21.06.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.07.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 13.08.2021 |
| ഹിയറിംഗ് തീയതി | 14.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ശിവശങ്കരൻ അജിത് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും കൂടാതെ ടി മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽവിലാസമോ, അപ്പീൽ കാലാവധിയോ മറ്റും രേഖപ്പെടുത്തിയിരുന്നില്ലെന്നും ടിയാൻ അവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടി കമ്മീഷൻ കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 20.03.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. 14.01.2021 ൽ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച ഹർജിയിൽ എന്ത് നടപടി സ്വീകരിച്ചു എന്നും ടി ഹർജിയുടെ നിലവിലെ അവസ്ഥ എന്താണെന്നും

ii. എതിർകക്ഷി ഓഫീസ് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് കത്തുകൾ അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അയച്ച കത്തിടപാടുകളുടെ പകർപ്പ് നൽകണമെന്നുമാണ്.

ടി അപേക്ഷയിന്മേൽ 19.04.2021 ൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 2005 ലെ വിവരാവകാശ നിയമം ഒരു വ്യക്തിക്ക് പ്രദാനം ചെയ്യുന്നത് ഒരു സംസ്ഥാന പൊതു വിവര അധികാരിയുടെ കൈവശമുള്ള രേഖകൾ പരിശോധിക്കുന്നതിനും പകർപ്പ് ലഭ്യമാക്കുന്നതിനുമുള്ള

അവകാശമാണെന്നും ചോദ്യം ചോദിക്കൽ, മറുപടി ആവശ്യപ്പെടൽ, കാരണം കാണിക്കൽ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, നിഗമനങ്ങൾക്കും, അനുമാനങ്ങൾക്കും മറുപടി ആവശ്യപ്പെടൽ തുടങ്ങിയവ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും വിവരാവകാശ നിയമപ്രകാരം ഏതെങ്കിലും രേഖയുടെ പകർപ്പ് ആവശ്യമാണെങ്കിൽ ആയതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 01.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷക്ക് ടിയാന് മറുപടി നൽകിയിട്ടുളളതാണെന്നും ടിയാന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽവിലാസമോ, അപ്പീൽ കാലാവധിയോ അറിയിക്കുന്നതിൽ വീഴ്ച പറ്റിയത് ക്ലറിക്കൽ പിശകാണെന്നുമാണ്

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 20.03.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 19.04.2021 ൽ മറുപടി ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയതായി കാണുന്നില്ല. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ മറുപടി ലഭ്യമാക്കിയതിൽ പകർപ്പ് ഫീസ് അടക്കാൻ നിർദ്ദേശിച്ചതായി കാണുന്നു. എന്നാൽ എത്ര പേജ് എന്നു കാണിച്ചിട്ടില്ല. ഇത്തരത്തിൽ മറുപടി ലഭ്യമാക്കാൻ 30 ദിവസം വരെ വൈകിപ്പിക്കേണ്ട യാതൊരു ആവശ്യകതയുളളതായി കാണുന്നില്ല. മാത്രമല്ല ടിയാന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽവിലാസമോ, അപ്പീൽ കാലാവധിയോ അറിയിക്കുന്നതിൽ വീഴ്ച പറ്റിയത്

ക്ലറിക്കൽ പിശകാണെന്നു എതിർകക്ഷി റിപ്പോർട്ടിൽ പ്രസ്താവിച്ചത് അംഗീകരിക്കാവുന്നതല്ല. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്. മേൽപ്പടി വീഴ്ച മേലിൽ ആവർത്തിക്കരുതെന്ന് എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു. അപ്പീൽ അധികാരിയുടെ മേൽവിലാസമോ, അപ്പീൽ കാലാവധിയോ അറിയിച്ചിരുന്നുവെങ്കിൽ ടിയാന് ഒന്നാം അപ്പീൽ സമർപ്പിക്കാമായിരുന്നു. ഹർജികക്ഷി ആവശ്യപ്പെട്ട രണ്ടു ചോദ്യങ്ങൾക്കും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ മറുപടി വ്യക്തമായി എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഹർജികക്ഷിക്ക് രജിസ്റ്റേർഡ് പോസ്റ്റുവഴി നൽകി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ് എന്ന് ഉത്തരവായിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

RIGHT TO INFORMATION